# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 59 — 28.01.2019 ലെ മറുപടിക്ക്

### പ്രളയ ദുരിതാശ്വാസത്തിന് ലഭിച്ച സംഭാവന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ടി. ബൽറാം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രളയ ദുരിതാശ്വാസത്തിന് സംഭാവന അഭ്യർത്ഥിക്കുവാനായി മുഖ്യമന്ത്രി ഗൾഫ് രാജ്യങ്ങളിൽ സന്ദർശനം നടത്തിയിരുന്നോ; | (എ) | പ്രളയദുരിതാശ്വാസ നിധിയിലേക്ക് സഹായം അഭ്യർത്ഥിച്ച് സന്ദർശനം നടത്തിയിരുന്നു. |
| (ബി) | പ്രസ്തുത സന്ദർശനത്തിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിൽ നിന്നും എത്ര തുക സംഭാവനയായി ലഭിച്ചു; | (ബി) | പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മിതി സംബന്ധിച്ച ചർച്ചകൾക്കും ആയതിന് വിദേശ മലയാളികൾ ഉൾപ്പെടെയുള്ളവരുടെ സാമ്പത്തിക-സാങ്കേതിക സഹായ സഹകരണങ്ങൾ (ക്രൗഡ് ഫണ്ടിങ്ങ് ഉൾപ്പെടെ) അഭ്യർത്ഥിക്കുന്നതിനുമാണ് മുഖ്യമന്ത്രിയും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും യു.എ.ഇ സന്ദർശിച്ചത്. |
| (സി) | ഇക്കാര്യത്തിലേക്കുള്ള മുഖ്യമന്ത്രിയുടെ ഗൾഫ് യാത്രയ്ക്കായി എന്ത് തുക ചെലവഴിച്ചു; | (സി) & (ഡി) | ബഹു. മുഖ്യമന്ത്രിയോടൊപ്പം നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായ ഡോ.കെ.ഇളങ്കോവൻ ആണ് യാത്ര നടത്തിയത്. മുഖ്യമന്ത്രിക്കും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും തിരുവനന്തപുരത്ത് നിന്നും യു.എ.ഇ ലേക്കും തിരിച്ചുമുള്ള വിമാനയാത്രാച്ചെലവ് 3,72,731/- രൂപയും ഡി.എ ആയി 750 ഡോളറുമാണ് ആകെ ചെലവായത്. |
| (ഡി) | പ്രസ്തുത യാത്രയിൽ മുഖ്യമന്ത്രിയെ അനുഗമിച്ചവർ ആരൊക്കെയാണ്; അവർക്കായി യാത്രാക്കൂലിയിനത്തിലും താമസസൗകര്യം ഒരുക്കിയ ഇനത്തിലും എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ